
# ദ്യുതി

-ഡിജിറ്റൽ മാഗസിൻ-



## ഗവൺമെന്റ് എച്ച് എസ്സ് എസ്സ്

## മാരായമുട്ടം

# ലിറ്റിൽ കൈറ്റ്സ്




ദൃതി

# ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് , ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം.കുട്ടികളുടെ ഈ മഹത്തായ സംരംഭത്തിന് എല്ലാവിധ ആശംസകളും.........



പ്രിൻസിപ്പൽ

ഞങ്ങളുടെ കുട്ടിപട്ടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ ആയ 'ദ്യുതി' ക്ക് എല്ലാവിധ ആശംസകളും........



ഹെഡ്മിസ്ട്രസ്സ്

# എഡിറ്റോറിയൽ ബോർഡ്

- നന്ദന ആനന്ദ്
- ദേവിക ഡി
- വൈഷ്ണവി എസ്
- ലക്ഷ്മി ഗോപാൽ
- സരസ്വതി ഗോപാൽ
- അതുൽചന്ദ്രൻ ജെ എസ്
- ശുഭദേവ് എസ് എസ്
- ഗണേശ് ജെ പി

# അധ്യാപക സഹായികൾ

- സന്ധ്യ പി
- റോളിൻ പെട്രീഷ്യ

## താളുകളിലൂടെ........


- ആനച്ചൊല്ലുകൾ
- കഥകളി
- പൈ
- മാവ് ചൊല്ല്
- ഗണിതലോകം
- കടങ്കഥകൾ
- കുഞ്ഞുണ്ണിമാഷ്
- മലിന ജലം
- പ്രകൃതിയാം ജ്വാലയിൽ
- അമ്മയെന്ന പുണ്യം
- ലഹരിക്കുമുന്നിൽ ബലിയർപ്പിക്കുന്ന ജീവിതം
- കടങ്കഥകൾ
- വായനയുടെ ആനന്ദം
- മരം ഒരു വരം
- പഴഞ്ചൊല്ലുകൾ
- നവ സാമൂഹിക മാധ്യമങ്ങൾ
- My School
- Riddles
- The Rose Family
- Inspirational Quotes
- THINK Before You Speak..
- KERALA

# ആനച്ചൊല്ലുകൾ

- "ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ."
- "ആനപ്പുറത്തിരുന്നാൽ പട്ടിയെ പേടിക്കണോ."
- "ആനയെ വാങ്ങാം തോട്ടിക്ക് പണമില്ല."
- "ആനയ്ക്കു ഭ്രാന്ത് വന്നാൽ ചങ്ങല, ചങ്ങലയ്ക്കു ഭ്രാന്തായാലോ."
- "ആനയ്ക്ക് തടി ഭാരം ഉറുമ്പിന് അരി ഭാരം."
- "അടി തെറ്റിയാൽ ആനയും വീഴും."
- "ചേറ്റിൽ പുതഞ്ഞ ആനയെ കാക്കയ്ക്കും കൊത്താം."
- "അണ്ണാൻ ആനയോളം വാ പൊളിക്കരുത്."
- "ആനക്കാർ കൂടിയാൽ ആനക്കാര്യം."
- "ആന നിന്നാലും ചത്താലും പന്തീരായിരം."
- "ആന പോയാൽ അടുപ്പിലും തപ്പണം."



ദ്യുതി

## സെമിനാർ

# കഥകളി



ദ്യുതി

# ആമുഖം

കേരളത്തിന്റെ തനതായ കലാരൂപമാണ് കഥകളി.രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി രൂപപ്പെട്ടത്.കഥകളിയിലെ പ്രധാന വേഷങ്ങൾ പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്.17,18 നൂറ്റാണ്ടുകളായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു.





# ചരിത്രം

17-ാം നൂറ്റാണ്ടിലാണ് കഥകലി ഉത്ഭവിച്ചത്.കഥകളിയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ.ഗീതാഗോവിന്ദാഭിനയത്തിന്റെ പ്രേരണയിൽ നിന്നും ഉടലെടുത്ത ഒരു കലാരൂപമാണ് കൃഷ്ണനാട്ടം.1555-നും 1605-നും ഇടയിലാണ് രാമനാട്ടം രചിച്ചത് എന്നാണ് പറയുന്നത്. കൊട്ടാരക്കര തമ്പുരാൻ എട്ട് ദിവസത്തെയാക്കി വിഭജിച്ച് നിർമിച്ച രാമനാട്ടമാണ് പിൻകാലത്ത് കഥകളിയായി പരിണമിച്ചത്.



# ഐതിഹ്യം

കോഴിക്കോട്ടെ മാനവവേദൻ രാജാവ് എട്ടു ദിവസത്തെ കഥയായ കൃഷ്ണനാട്ടം നിർമിച്ചതറിഞ്ഞ് കൊട്ടാരക്കര തമ്പുരാൻ കൃഷ്ണനാട്ടം കളിക്കുവാൻ കലാകാരന്മാരെ അയച്ചുതരണമെന്ന് ആവശ്യപ്പെട്ടു എന്നും,മാനവവേദൻ തെക്കുള്ളവർക്ക് കൃഷ്ണനാട്ടം കണ്ട് രസിക്കാനുള്ള കഴിവില്ലെന്ന് പറഞ്ഞ് അത് നിരസിച്ചെന്നും,അതിൽ വാശി തോന്നിയാണ് കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം നിർമിച്ചതെന്നും ഐതിഹ്യം ഉണ്ട്.

ദ്യുതി



# പ്രധാന ആട്ടക്കഥകൾ

- നളചരിതം
- പൂതനാമോക്ഷം
- നിഴൽക്കുത്ത്
- കർണശപഥം
- കിർമ്മിര വധം



# മുദ്രകൾ

- പതാക
- മുഷ്ടി
- ഭ്രമരം
- മുകുളം
- ശിവരം
- മുകുരം
- ത്രിപതാക
- ശുകതുണ്ഡം
- അഞ്ജലി
- പല്ലവം
- കടകാമുഖം



ദൃുതി



# പ്രധാനകഥകളി വാദ്യങ്ങൾ

- ചെണ്ട
- മദ്ദളം
- ചേങ്ങില
- ഇലത്താളം
- ഇടയ്ക്ക
- ശംഖ്
- ശുദ്ധമദ്ദളം




ദ്യുതി



# ഉപസംഹാരം

നാട്യം,നൃത്തം,നൃത്യം എന്നിവയെ ആംഗികം എന്ന അഭിനയോപാധിയിലൂടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുകയാണ് ഒരു വാചകത്തിൽ പറഞ്ഞാൽ കഥകളിയുടെ മർമ്മം.

കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണങ്ങളായ പദങ്ങൾ,പാട്ടുകാർ പിന്നിൽ നിന്ന് പാടുകയും നടന്മാർ കാവ്യത്തിലെ പ്രതിവാദ്യം അരങ്ങത്ത് അവതരിപ്പിക്കുകയും ചെയ്യുന്നു.ഇങ്ങനെ അഭിനയത്തിലും അതടങ്ങുന്ന രംഗത്തിലൂടെ പരമ്പരയിലും കൂടി ഇതിവൃത്തം അരങ്ങത്ത് അവതരിപ്പിച്ച രസാനുഭൂതി ഉളവാക്കുന്ന കലയാണ് കഥകളി.

# പൈ($\pi$)

## പേര് വന്ന വഴി

വൃത്തത്തിന്റെ ചുറ്റളവ് മാറുന്നത് വ്യാസത്തിന്റെ തോതിലാണെന്ന് അറിഞ്ഞതോടെ എല്ലാ വൃത്തങ്ങളുടെയും ചുറ്റളവ് വ്യാസത്തിന്റെ ഒരേ മടങ്ങാണെന്ന് തിരിച്ചറിഞ്ഞു.എത്ര മടങ്ങ് എന്നായി പിന്നീട്ടുള്ള അന്വേഷണം.

ആദ്യകാലത്ത് ഈ സംഖ്യയുടെ ഏകദേശ വിലകളായ ഭിന്നസംഖ്യകളാണ് ഉപയോഗിച്ചിരുന്നത്.വിവിധ ദേശങ്ങളിൽ,വിവിധ കാലത്ത്,ഇത്തരം ഏകദേശ വിലകൾ കൂടുതൽ മെച്ചപ്പെട്ടു.ഈ സംഖ്യ ഒരു ഭിന്നസംഖ്യയായി എഴുതാൻ കഴിയില്ലെന്ന് തെളിയിച്ചത് വളരെക്കാലത്തിനുശേഷമാണെങ്കിലും,ഇക്കാര്യം നേരത്തെതന്നെ തിരിച്ചറിഞ്ഞിട്ടുണ്ടാകണം.

ഈ വൃത്തസംഖ്യയ്ക്ക് $\pi$ എന്ന പേരിട്ടത് എ.ഡി.1707 ൽ ഇംഗ്ലണ്ടിലെ വില്യം ജോൺസ് എന്ന ഗണിതകാരനാണ്.

സ്വിറ്റ്സർലാണ്ടിൽ ജനിച്ച പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ ലിയോൺഹാർഡ് ഓയ്‌ലർ (Leonhard Euler)അദ്ദേഹത്തിന്റെ കൃതികളിൽ ഉപയോഗിച്ചു തുടങ്ങിയതോടെയാണ്,ഈ ചിഹ്നത്തിന് പ്രചാരം ലഭിച്ചതും,അത് ഉറച്ചതും.



ൃതി



# മാവ് ചൊല്ലുകൾ


- മാമ്പൂ എറിഞ്ഞാൽ മാങ്ങയില്ല.
- മാമ്പൂ കണ്ടും മക്കളെ കണ്ടും കൊതിക്കരുത്.
- മാവും മരുതും പൂക്കും.
- മാങ്ങ പഴുത്താൽ അണ്ണാനും കൊള്ളാം.
- മാങ്ങ പഴുക്കുമ്പം കാക്കയ്ക്കു വായ്പ്പുണ്ണ്.
- പഴുത്ത മാവില കൊണ്ടു തേച്ചാൽ പുഴുത്ത പല്ലും നവരത്നമാവും.



ദ്യുതി

# ഗണിതലോകം

ഗ്രഹങ്ങളുടെ ഭ്രമണവും മറ്റും കണക്കാക്കാൻ വാനശാസ്ത്രകാരന്മാർ പണ്ടുകാലം മുതൽതന്നെ പലതരം ഗണിതക്രിയകൾ ഉപയോഗിച്ചിരുന്നു. എന്നാൽ ചലനത്തെയും ഊർജ്ജത്തെയും സംബന്ധിക്കുന്ന പൊതുവായ തത്വങ്ങൾ രൂപീകരിക്കാനും ഗണിതം ഉപയോഗിക്കാമെന്ന ചിന്ത പ്രബലമാകുന്നത്,പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിലാണ്. ഇതിന്റെ തുടർച്ചയായിട്ടാണ്, പതിനേഴാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ഗലീലിയോ ഗലിലൈ, ഉയരത്തുനിന്നും പതിക്കുന്ന വസ്തു സഞ്ചരിക്കുന്ന ദൂരം, സമയത്തിന്റെ വർഗത്തിന്റെ നിശ്ചിത മടങ്ങാണ് എന്നും മറ്റും കണ്ടുപിടിക്കുന്നത്. ഗണിതവും ഭൗതികശാസ്ത്രവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അദ്ദേഹം പറഞ്ഞത്: പ്രപഞ്ചമെന്ന മഹാഗ്രന്ഥത്തിലാണ് തത്വചിന്തകൾഎഴുതപ്പെട്ടിരിക്കുന്നത്. അതു മനസ്സിലാക്കാൻ അത് എഴുതിയിരിക്കുന്ന ഭാഷ അറിയണം. ഗണിതത്തിന്റെ ഭാഷയിലാണ് അതു രചിച്ചിരിക്കുന്നത്.



# കടങ്കഥകൾ

- വടി എടുത്താൽ പോത്തോടും.

  വള്ളം

- അച്ഛൻ സൂര്യൻ, അമ്മ കടൽ, കുടിൽതൊട്ട് കൊട്ടാരം വരെ പ്രവേശനം ഉള്ള ഇത്തിരിക്കുഞ്ഞന്റെ പേര് പറയാമോ?

  ഉപ്പ്

- അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാട്ടം.നേരെ നിന്നാൽ സത്യം പറയും.

  ത്രാസ്

- മനസ്സിൽ വളരാത്ത പന.

  കൽപന

- എഴുത്തുണ്ട്, പുസ്തകമല്ല,ചിത്രമുണ്ട്, ചുമരല്ല,വട്ടത്തിലാണ്, ചക്രമല്ല.പേരെന്താണ്. പറയാമോ?

  നാണയം

- മോതിരത്തലയൻ, കോടാലിക്കാലൻ.

  താക്കോൽ

- ആനയ്ക്ക് നിൽക്കാൻ തണലുണ്ട്,ജീരകം പൊതിയാനിലയില്ല.

  പുളിമരം

- അടയുടെ ഉള്ളിൽ പെരുമ്പട.

  തേനീച്ച

- വില്ലാണ് പക്ഷെ ഞാണില്ല കെട്ടാൻ.

  മഴവില്ല്

- കാട്ടിൽ പുല്ല്, വീട്ടിൽ സഭയിൽ.

  പുൽപ്പായ


- ഇല്ലിമേൽ ആയിരം പല്ലിമുട്ട.

  നെല്ലിക്ക

ദ്യുതി

- കുത്തുന്ന കാളയ്ക്ക് രണ്ടുണ്ട് വാല്.
  നൂൽ കോർത്ത സൂചി.
- കൈയ്യിൽ കേറി, വായിൽ ഒളിച്ചു.
  ചോറുണ്ണുന്നു
- ആരും കേറാത്ത കാറ്.
  മഴക്കാറ്
- കണ്ടാൽ മുണ്ടൻ, കാര്യത്തിൽ വമ്പൻ.
  കുരുമുളക്
- കറുത്ത മലയ്ക്ക് രണ്ട് വെളുത്ത വേര്.
  ആനക്കൊമ്പ്
- ആരോടും മല്ലടിക്കാത്ത മല്ലൻ, വെള്ളം കുടിച്ചാൽ ചത്തുപോകും.
  അഗ്നി
- ഒറ്റക്കാലൻ രാജാവിന് ഓടാ കുതിരകൾ രണ്ടുണ്ട്.
  കുട
- പലകക്കീഴിൽ പച്ചയിറച്ചി.
  നഖം
- മണ്ണിനടിയിൽ പൊന്നമ്മ.
  മഞ്ഞൾ
- കറിയ്ക്ക് മുമ്പൻ, ഇലക്ക് പിമ്പൻ.
  കറിവേപ്പില
- വയറൊന്ന് വായ് രണ്ട്, വയറ്റിൽ നിറച്ച് മക്കൾ.
  തീപ്പെട്ടി
- എല്ലാ കാളയ്ക്കും മണ്ടയ്ക്ക് കൊമ്പ്.എന്നുടെ കാളയ്ക്ക് പള്ളയ്ക്ക് കൊമ്പ്. കിണ്ടി
- വെളുത്ത സായിപ്പിനും കറുത്ത തൊപ്പി.ഒരു വീട്ടിൽ എല്ലാപേർക്കും ഹെൽമെറ്റ്.
  തീപ്പെട്ടി

ദൃുതി



## ജീവചരിത്രം

# കുഞ്ഞുണ്ണിമാഷ്

കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്ന കുഞ്ഞുണ്ണിമാഷ് 1927-ൽ തൃശ്ശൂർ ജില്ലയിലെ വലപ്പാട്ടിൽ ജനനം. കുഞ്ഞുവരികൾ കൊണ്ട് വലിയ ആശയങ്ങൾ കവിത പോലെ ഒതുക്കുന്ന കവിയാണ് കുഞ്ഞുണ്ണിമാഷ്.

ഗാഥാപ്രസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥങ്ങളിൽ ഒന്നാണ് കൃഷ്ണഗാഥ. ശ്രീകൃഷ്ണന്റെ ജീവിതം ആവിഷ്കരിക്കുന്ന ഭക്തിപ്രധാനമായ ഈ കാവ്യത്തിന്റെ കർത്താവിനെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഇല്ല. ഉത്തരകേരളത്തിൽ വടകരയ്ക്ക് സമീപമുള്ള ചെറുശ്ശേരി ഇല്ലത്തെ നമ്പൂതിരിയാണ് ഇതിന്റെ രചയിതാവ് എന്ന് പരക്കെ വിശ്വസിച്ചുപോരുന്നു. സാഹിത്യപരമായി വളരെ ഔന്നത്യം പ്രകടിപ്പിക്കുന്ന ഈ കൃതിയുടെ ഏറ്റവും വലിയ പ്രത്യേകത സമകാലീകമായ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായി പൂർണ്ണമായും മലയാളത്തിലാണ് എന്നതാണ്. അമിതമായി സംസ്കൃതപദങ്ങൾ ഉപയോഗിച്ചിട്ടില്ലാത്ത ഇതിൽ ഉള്ളവ വളരെ ലളിതവുമാണ്.

ശ്രീകൃഷ്ണന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥകളാണ് കൃഷ്ണഗാഥയിലെ പ്രതിപാദ്യം. ഭാഗവതത്തിലെ കാര്യങ്ങൾ ഏകദേശം അതുപോലെ തന്നെ എഴുതിയിരിക്കുന്ന ഈ ഗ്രന്ഥത്തിലും നാല്പത്തിയേഴ് കഥകളാണുള്ളത്.കൃഷ്ണഗാഥയിലെ ദ്വിതീയാക്ഷരപ്രാസത്തിന് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്.ഒട്ടേറെവരികളിൽ

ദ്വിതീയാക്ഷരപ്രാസവും ഉപയോഗിച്ചിട്ടുണ്ട്. മലയാളത്തിൽ ഇപ്പോൾ ഉപയോഗത്തിലില്ലാത്ത പല പദങ്ങളും പ്രയോഗങ്ങളും കൃഷ്ണഗാഥയിൽ കാണാവുന്നതാണ്.

സംസ്കൃതത്തിൽ ഉപയോഗത്തിലുള്ള ഏകദേശം എല്ലാ അലങ്കാരങ്ങളും പരീക്ഷിച്ചിട്ടുള്ള ഇതിൽ ഉൽപ്രേക്ഷ,ഉപമ ,രൂപകം എന്നിവയ്ക്കാണ് എറ്റവും പ്രാധാന്യം. കൃഷ്ണഗാഥയിലെ ഭൂരിഭാഗം കാവ്യങ്ങളും എഴുതിയിട്ടുള്ളത് മഞ്ജരി വൃത്തത്തിലാണ്.



# മലിന ജലം

മലിനതടാകത്തിൻ അരികിൽ നിന്ന്
കരയുന്നു, ഞാൻ കരയുന്നു
നദിയും പുഴയും തോടുമടക്കം
എന്നോടൊപ്പം കരയുന്നു.

വേനൽക്കാലം വന്നെത്തിജലമില്ല
ജീവരക്ഷയ്ക്കായ് തടാകക്കരയിൽ
എത്തിയ ഞാൻ തേങ്ങിപ്പോയി
തേങ്ങിപ്പോയി ഞാൻ ഭയപ്പെട്ടു.
ജലമെവിടെ തടാകത്തിൻ ജലമെവിടെ
മാലിന്യക്കൂമ്പാരം മാത്രം ബാക്കി
ഒരു തുള്ളി ദാഹജലത്തിനായി
എന്നമ്മ വീട്ടുപടിക്കൽ കരയുന്നു.
ഇനിയും വൈകിയാൽ എൻ
ഉമ്മയുടെ ജീവൻ കവരുമോ
ഈ മാലിന്യങ്ങൾ ഉമ്മയുടെ
ജീവൻ കൊണ്ടുപോയാലയ്യോ ?
പാഞ്ഞു പോയൊരു വെള്ളപ്പൊക്കം
പണ്ടെൻ ബാപ്പയെ കവർന്നെടുത്തു
മഴ പെയ്താലും ഈ തടാകത്തിൻ
മലിന ജലമേ ഉണ്ടാവൂ !
എന്റമ്മയുടെ ജീവൻ പോയാൽ
മനുഷ്യാ നീയാണ് കാരണം
മനുഷ്യാ നീയാണ് കാരണം
മനുഷ്യാ നീയാണ് കാരണം.



അനഘ ജെ പി 8B

# പ്രകൃതിയാം ജ്വാലയിൽ



സുഖസൗകര്യ അലങ്കാരമാം
പ്രകൃതിയുണർന്നുദിച്ച
മണ്ണിൽ വിണ്ണിൽ മനുഷ്യനാം മൃഗങ്ങൾ
ചൊല്ലി മോഹിച്ച വീടും സമ്പാദ്യം.
സന്തോഷമാം മണിനാദം മുഴങ്ങി
പ്രകൃതിയാം വരദാനം ജ്വലിച്ച
എൻ പ്രകൃതി ജീവിത ചൈതന്യമേകി
ഹൃദയമാം മനസ്സിൽ പങ്ക് വയ്ക്കാം.

വൈഷ്ണവി എം ബി
8 F

# അമ്മയെന്ന പുണ്യം



സ്നേഹം തുളുമ്പും നിറകുടമായ്
എന്നു നീ എന്നരികിലെത്തും
നിന്നെയോർത്തു കരയുമീ പിഞ്ചുകിടാവിന്ന -
രികിലൊരു തെന്നലിൻ തഴുകലായെത്തുമോ ?
ഇനിയുമൊരു ബാല്യത്തിന്നോർമ്മയായി
ഇനിയുമൊരു ജന്മം കൂടിയെത്തുമോ
എന്നമ്മയായ് വീണ്ടുമെത്തുമോ
പറയമ്മേ എത്തുമോ എന്നരികിൽ.
ഇനിയുമൊരു ജന്മം നിൻ മകളായ്
ജനിക്കാൻ നിൻ സ്നേഹം നുകരുവാൻ
നിൻ പാലൂറും പുഞ്ചിരി ഒന്നു
കാണാൻ സാധ്യമേ അമ്മേ...
എൻ വരവിനായ് കാത്തിരുന്നിട്ടും
നിൻ അവസാന പ്രണനും ശ്വാസവും
എന്നിലേക്ക് നല്കിയെൻ പുഞ്ചിരി കാണാതെ
എൻ വിളി കേൾക്കാതെ നീ പോയതെന്തേ ?
അമ്മേ ഞാൻ കാത്തിരിപ്പൂ ഇവിടെ
അമ്മേ നിൻ മുഖമൊന്നു കാണാൻ
അമ്മേ നീയെന്ന പുണ്യത്തെ ഞാൻ
തിരിച്ചറിയുന്നു......

പാർവ്വതി എം 8F



# ലഹരിക്കുമുന്നിൽ ബലിയർപ്പിക്കുന്ന ജീവിതം

പുകവലി മാരകമാണെന്നറിഞ്ഞിട്ടും
ആരും സ്വയം ഒന്നും ചിന്തിക്കുന്നില്ല
കോടാനുകോടി പേർ സ്വന്തം ജീവൻ തന്നെ
ബലിയർപ്പിക്കുന്നു ഈ ലഹരിക്കു മുന്നിൽ.
പുകച്ചീളുകൾ തന്റെ അവയവങ്ങളെയെല്ലാം
ഓരോന്നോരോന്നായി നശിപ്പിക്കുന്നു
സന്തോഷ നാളുകൽ നഷ്ടപ്പെടുത്തി
മരണത്തിലേക്ക് ഇറങ്ങിപ്പോകും.
തിന്മ ചെയ്യുന്നു ഏവരും
ഇതിന്റെ അവസാനം മരണമത്രേ......

അപർണ്ണ എസ്സ് എസ്സ്
9D

# കടങ്കഥകൾ

- അകത്തറുത്താൽ പുറത്തറിയും

ഉത്തരം : ചക്ക

- അക്കരെ നിൽക്കും തുഞ്ചാണി
  ഇക്കരെ നിൽക്കും തുഞ്ചാണി
  കൂട്ടിമുട്ടും തുഞ്ചാണി

ഉത്തരം : കണ്ണ് ചിമ്മുക

- തെക്ക് നിന്ന് വന്ന കാളയ്ക്ക് പള്ളയ്ക്കൊരു കൊമ്പ്

ഉത്തരം : കിണ്ടി

- തീയിലിട്ടാൽ ചടപട ചടപടവെള്ളത്തിലിട്ടാൽ കാണില്ല

ഉത്തരം : ഉപ്പ്

- വായില്ല നാക്കുണ്ട് നാക്കിൻമേൽ പല്ലുണ്ട്

ഉത്തരം : ചിരവ

- അടുക്കളയിലെ  അമ്മായിഅമ്മ

ഉത്തരം : പൂച്ച

അപർണ്ണ എസ്സ് എസ്സ്

9D




# വായനയുടെ ആനന്ദം


നമ്മുടെ ഏറ്റവും വലിയ സുഹൃത്തുക്കൾ പുസ്തകങ്ങളാണെന്ന് പറയാം. നമ്മുടെ ശരിക്കുള്ള സുഹൃത്തുക്കളിൽ പലതും വേണ്ടപ്പോൾ സഹായിക്കാതെയും നമ്മെ ഉപദേശിക്കാതെയും പിൻവാങ്ങിയെന്നു വരാം. എന്നാൽ പുസ്തകങ്ങൾ അങ്ങനെയല്ല.പുസ്തകത്തിൽ പറയുന്ന പല കാര്യവും നമ്മുടെ ജീവിത ഭാരം കുറയ്ക്കുന്നു.നല്ല നല്ല ആശയം നിറഞ്ഞ പുസ്തകം എപ്പോഴും കയ്യിൽ സൂക്ഷിക്കേണ്ടതായുണ്ട്.

ഒരു പുസ്തകം വായിക്കുമ്പോൾ യഥാർത്ഥത്തിൽ അതിന്റേതായ ഗ്രന്ഥകർത്താവിനോട് സംസാരിക്കുന്നതായി നമുക്ക് തോന്നണം.സങ്കല്പത്തിൽ കൂടി അദ്ദേഹവുമായി നമുക്കൊരു സംഭാഷണം നടത്താം.അങ്ങനെ ചുറ്റുപാടിൽ നിന്നും മറ്റൊരു അന്തരീക്ഷത്തിലേക്ക് നമുക്ക് മാറി നിൽക്കാൻ കഴിയും. ധാരാളം പുസ്തകങ്ങൾ ഉള്ള ഒരാൾക്ക് ഒരിയ്ക്കലും ഏകാന്തത തോന്നുകയില്ല. ഒരു നോവൽ വായിക്കുമ്പോൾ അതിൽ ഒരുപാട് കഥാപാത്രങ്ങൾ ഉണ്ടായിരിക്കും. അതിലെ ചില കഥാപാത്രങ്ങൾ നമ്മളാണെന്ന് ചിലപ്പോൾ നമുക്ക്

തോന്നി പോകും. വായിക്കുന്നതെല്ലാം അനുഭവിച്ച വായിക്കുക.അപ്പോൾ അത് ഒരിക്കലും

മറക്കില്ല. പുസ്തകങ്ങൽ പല രാജ്യക്കാരേയും സമൂഹങ്ങളേയും പറ്റിയുള്ളതാണ്. ആ സമൂഹങ്ങളേയും രാജ്യങ്ങളേയും നമുക്ക് പരിചയപ്പെടാനും അറിവ് വർദ്ധിപ്പിക്കുവാനും കഴിയും. എല്ലാ വീട്ടിലും ഒരു ഗ്രന്ഥശാല വേണം.അപ്പോൾ പുസ്തകങ്ങൾ ശേഖരിക്കാൻ എളുപ്പമാണ്.കൂടാതെ ഇത് പിൻതലമുറയ്ക്ക അനിവാര്യമാണ്. ഗ്രന്ഥശാല
എപ്പോഴും ഏറ്റവും വലിയ സമ്പത്താണ്. കറൻസി നോട്ടുകളെക്കാൾ വിലയുണ്ടതിന്. സമൂഹത്തിന്റെ വളർച്ചയിൽ വളരെ പ്രധാനമായൊരു പങ്കാണ് പുസ്തകങ്ങൾ വഹിച്ചിട്ടുള്ളത്.

അഭിജ ശിവൻ
9G



# മരം ഒരു വരം



ഒരിടത്ത് ഒരു കാടുണ്ടായിരുന്നു. ആ കാടിന്റെ പേര് അല്ലിക്കാടെന്നായിരുന്നു.അവിടെ അല്ലി എന്നു പേരുള്ള ഒരു കൊച്ചു ബാലിക ഉണ്ടായിരുന്നതുകാരണമാണ് ഈ പേര് വന്നത്. ബാലിക ഒരു ദരിദ്ര കുടുംബത്തിൽ നിന്നുള്ള കുട്ടിയാണ്. അവളുടെ അച്ഛൻ ഒരു കൃഷിപ്പണിക്കാരനായിരുന്നു അതുകൊണ്ട് തന്നെ അവൾക്ക് പ്രകൃതിയേയും അതിലുള്ള വൃക്ഷങ്ങളേയും ഏറെ ഇഷ്ടമായിരുന്നു. അതുകൊണ്ട് മരത്താൽ ചുറ്റപ്പെട്ട ഒരു കാട്ടിൽ പോയി അവൾ എപ്പോഴും ഇരിക്കുകയും കളിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അവൾ അറിഞ്ഞു,

ദൃുതി

തന്റെ അച്ഛൻ കാടിനേയും വാഴത്തോട്ടത്തിനേയും വെട്ടിനശിപ്പിച്ച് അവിടെ കെട്ടിടങ്ങൾ പണിയാൻ പോകുകയാണെന്ന്. അവൾ ഏറെ വിഷമിച്ചു. അവൾ ആഹാരവും വെള്ളവും കഴിക്കാതെ ആ മരച്ചുവട്ടിൽ നാലഞ്ച് ദിവസങ്ങൾ കഴിച്ചുകൂട്ടി.അവളെ കാണാതെ അവളുടെ മാതാപിതാക്കൾ ഏറെ വിഷമിച്ചു. അവസാനം അവർ അവളെ കണ്ടെത്തി ഒരു ജീവച്ഛവമായി.എന്തുചെയ്യണമെന്നറിയാതെ അവളുടെ മാതാപിതാക്കൾ നെട്ടോട്ടമായി. അവൾ പറഞ്ഞു , തന്റെ കാടിനെ നശിപ്പിക്കരുത്, തനിക്ക് ആ കാട് വേണമെന്ന്. അവസാനം അവർക്ക് അവളുടെ മുന്നിൽ അടിയറവ് പറയേണ്ടി വന്നു. പിന്നീട് എല്ലാവരും ചേർന്ന് ആ കാട്ടിൽ ധാരാളം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു. അങ്ങനെ സമൃഷ്ടമായ ഒരു അല്ലിക്കാടായി മാറി അവിടം.

നിരഞ്ജന 8B



# പഴഞ്ചൊല്ലുകൾ

- അമ്മയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ്.
- കുഞ്ഞിന്റച്ഛൻ വിദ്വാനെങ്കിൽ കുഞ്ഞിന് വിദ്യ പഠിപ്പിക്കേണ്ട.
- സമ്പത്ത് കാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം.
- പണത്തിന് മീതെ പരുന്തും പറക്കില്ല.
- ഉള്ളതുകൊണ്ട് ഓണം പോലെ.
- ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം.
- ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.
- ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.
- ഉർവശീ ശാപം ഉപകാപമായി.




ദ്യുതി



# നവ സാമൂഹികമാധ്യമങ്ങൾ

നമ്മുടെ നാട്ടിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ വിദേശത്തുതാമസിക്കുന്ന ഒരുപാടുപേർ നാട്ടിലുള്ള മക്കളുടെയും ബന്ധുക്കളുടെയും സുരക്ഷയോർത്ത് ഉത്കണ്ഠപ്പെട്ടിരുന്നു.ദുരന്തത്തിനിരയായവരെ കണ്ടുപിടിക്കാനും അവരുടെ വിവരങ്ങൾ അന്വേഷിക്കാനും ഇന്റർനെറ്റിലെ ഫേസ്ബുക്ക് എന്ന സാമൂഹിക മാധ്യമത്തിലെ അംഗങ്ങൾ പല കൂട്ടായ്മകളും നിർ മ്മിക്കുകയും സഹായമെത്തിക്കുകയും ചെയ്തിരുന്നു.

നമ്മുടെ ചുറ്റുപാടുമുള്ള വാർത്തകളും വിവരങ്ങളും ആശയങ്ങളും തമാശകളുമൊക്കെ കൈമാറാനും ചിത്രങ്ങൾ,വീഡിയോകൾ തുടങ്ങിയവ പങ്കുവയ്ക്കാനും ഒരു മാധ്യമമെന്നത് ഇന്റർനെറ്റിന്റെ വികാസത്തോടെ ഉത്ഭവിച്ച മറ്റൊരു ആശയമാണ്.ഇത്തരം സങ്കേതങ്ങളെ

ദ്യുതി

പൊതുവേ നവ സാമൂഹിക മാധ്യമങ്ങൾ എന്നു പറയുന്നു.പ്രസിദ്ധമായ ചില നവ സാമൂഹിക മാധ്യമങ്ങളാണ്,

1. ഫേസ്ബുക്ക്
2. ട്വിറ്റർ
3. ഡയാസ്പൊറ
4. വാട്ട്സ്ആപ്പ്

തുടങ്ങിയവ.ഇവയിൽ ഡയാസ്പൊറ സ്വതന്ത്ര വിവരവിനിമയ സങ്കേതമാണ്.

## ഇ-മെയിൽ

ആഗോള കമ്പ്യൂട്ടർ നെറ്റ് വർക്ക് ഉപയോഗിച്ച് കത്തുകൾ കൈമാറാൻ സാധിക്കും എന്ന് അറിയാമല്ലൊ. ഇത്തരത്തിലുള്ള കത്തുകളാണ് ഇ-മെയിലുകൾ.ഇന്റർ നെറ്റിൽ ഇ-മെയിൽ സാങ്കേതികവിദ്യ സാധ്യമായപ്പോൾ ഈ സേവനംകൂടുതൽ ആളുകൾക്ക് എത്തിച്ചു കൊടുക്കാൻ അനവധി സേവനദാദാക്കൾ(e-mail service providers) മുന്നോട്ടു വന്നിട്ടുണ്ട്.ഉദാഹരണമായി,

1. www.gmail.com
2. www.yahoo.co.in

തുടങ്ങിയവ ഇ-മെയിൽ സേവനദാദാക്കളാണ്.

## ഇ-ബാങ്കിങ്

ഒരു ബാങ്ക് അക്കൗണ്ടിലൂടെയുള്ള പണം ഇടപാടുകൾ ബാങ്ക് പ്രത്യേകമായി തയ്യാറാക്കിയ ഒരു വെബ്സൈറ്റിലൂടെ നിർവഹിക്കുന്നതിനെയാണ് സാധാരണയായി ഇ-ബാങ്കിങ് എന്നു പറയുന്നത്.

ഒരു ബാങ്ക് അക്കൗണ്ടിന് ഓൺലൈൻ സജ്ജീകരണം ലഭ്യമാക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് ഒരു

ഫോറംപൂരിപ്പിച്ചുനൽകേണ്ടതുണ്ട്.തുടർന്ന് ഓൺ ലൈൻ സൈറ്റിൽ ബാങ്ക് തരുന്ന യൂസർനാമം,പാസ് വേർഡ് തുടങ്ങിയവ ക്രമീകരിക്കുന്നതോടെ ഇ-ബാങ്കിങ് സംവിധാനം തയ്യാറായിക്കഴിഞ്ഞു.

ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയാൽ,

- അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ എപ്പോൾ വേണമെങ്കിലും എവിടെവച്ചും പരിശോധിക്കാം.
- നാം മുൻപു നടത്തിയ ഇടപെടലുകൾ ഇതേ പോലെത്തന്നെ പരിശോധിക്കാം.
- മറ്റൊരു അക്കൗണ്ടിലേക്ക്പണം വക മാറ്റാം.
- നാം വാങ്ങിയ സാധനങ്ങളുടെയൊ സേവനങ്ങളുടെയോ ബില്ലുകൾ അടയ്ക്കാം.

ഇ-ഗവേണൻസ്

വില്ലജ്,പഞ്ചായത്ത് ഓഫീസുകൾ,വൈദ്യുതിയുടെയും കുടിവെള്ളവിതരണത്തിന്റെയും ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പലവിധ സേവനങ്ങൾക്കായി നമുക്ക് പോകേണ്ടിവരാറുണ്ട്.ഓൺലൈൻ സംവിധാനമുള്ള ഒരു ബാങ്ക് അക്കൗണ്ടുണ്ടെങ്കിൽ നമുക്ക് അതിനു സാധിക്കും. ഇത്തരത്തിലുള്ള സേവനത്തെ ഇ-ഗവേണൻസ് എന്നു പറയുന്നു.



ദൃശ്യ

# My School

My school is Govt. Higher Secondary School Marayamuttom .Our principal is Mrs Ambika Mabel Tr and Our headmistress is Mrs Sudha Tr. It is a very good school having beautiful surroundings. In our school compoud there are so many trees and plants. Most important among them is a mango tree at the centre of our school ground. All students ,teachers , non teaching staffs and those who know that tree call her ‘Muthashi Maavu’.It is because that tree was here for so many years and it had seen many generations also.

In my school there are so many hightech classrooms.Every classrooms had their own laptops , projectors etc. Our school had a large library containing so many books of different languages and also there is science lab,computer lab,seminar hall,maths lab etc. One of the best speciality of the classrooms is each and every classrooms contains a class library and there is two librarians are appointed for the regulations of the class library.It is to make all the children to read books and they can improve their personality through reading.Our teachers are the pride of our school. They are very efficient and lovable too.



There are so many clubs and other schemes are there in our school like SPC, JRC , LITTLE KITES, SCOUT &GUIDE,NSS etc.It is an excellent school raised to International Level.

# RIDDLES

1. Where do geometrical teachers go on vacation?

Ans;cuba

2.Where do zombies go on vacation?

Ans;The Dead sea.

3.Where do thanks giving birds go on vacation?

Ans;Turkey.

4.What english word has three consecutive double letter?

Ans;Book keeper.

5.I have a single eye but cannot see.What am I?

Ans;A needle.

6.What is the end of a rainbow?

Ans;The letter 'W'.

ദൃതി

# THE ROSE FAMILY

The rose is a rose;
And was always a rose.
But the theory now goes
That the apples's a rose.
And the pear is, and so's
The plum,I suppose .
The dear onlyknows
What will next prove a rose.
You,of course ,are a rose-
But were always a rose.

- ROBERT FROST





ദൃതി

# INSPIRATIONAL QUOTES...

"LEARN FROM
YESTERDAY...
LIVE FOR
TOMORROW.....
HOPE FOR
FUTURE...."

" IF YOU CAN'T SEE
SUNSHINE.....
BE THE SUNSHINE...."

" IN A GENTLE WAY
YOU CAN SHAKE THE
WORLD"
- MAHATMA GANDHI



# THINK BEFORE YOU SPEAK

T - Is It True
H -Is It Helpful
I -Is It Inspire
N -Is It Necessary
K -Is It Kind



ദ്യുതി

# KERALA

Kerala is the south western malabar coast of India.It is formed on 1 november 1956.It is an area spread over 38,863 kilometre square. Population is up to33,387,677 crores.It is the thirteenth largest Indian state.kerala is divided in to fourteen districts.the widely spoken language is malayalam. capital is Thiruvananthapuram. The word ‘KERALAM’ means, kera -the coconut tree and alam -land that means the land of coconut trees.This state is wedged between Lakshadweep sea and western Ghats. kerala is otherwise known as the land of arts.Climate of kerala is hot in summer and cold in winter




ദ്യുതി




*BY*

*LITTLE KITES*

*Govt.HSS Marayamuttom*



# ഇന്റർനാഷണൽ നിലവാരത്തിലേക്ക്....

ദ്യുതി